"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-കോട്ടയം കറുകച്ചാൽ പോലീസ് സ്റ്റേഷനിലെ SCPO K 6592 ശ്രീ.അനിൽ തോമസ് മെഡിക്കൽ അവധിയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1804/2026/HOME തീയതി,തിരുവനന്തപുരം, 22-05-2026

പരാമർശം:- 1. 24/08/2017 തീയതിയിലെ സ.ഉ(പി)നം.112/2017/ധനം നമ്പർ ഉത്തരവ്

2. സംസ്ഥാന പോലീസ് മേധാവിയുടെ 01/12/2025, 09/01/2026 തീയതികളിലെ ഇ5-215786/2025/PHQ നമ്പർ കത്തുകൾ

**ഉത്തരവ്**

കോട്ടയം കറുകച്ചാൽ പോലീസ് സ്റ്റേഷനിലെ SCPO K 6592 ശ്രീ.അനിൽ തോമസ് (PEN 187335) ഡ്യൂട്ടിക്കായി സ്റ്റേഷനിലേക്ക് വരുന്ന വഴിക്ക് വാഹനാപകടമുണ്ടായി ചികിത്സയിലായിരുന്ന 12/08/2025 തീയതി മുതൽ 08/09/2025 വരെയുള്ള 28 ദിവസത്തെ കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും, സംസ്ഥാന പോലീസ് മേധാവി ആയത് ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അനിൽ തോമസ് മെഡിക്കൽ അവധിക്ക് ശേഷം 09/09/2025 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും ടിയാന് സംഭവിച്ച അപകടം ഡ്യൂട്ടിക്കിടയിലാണെന്നും കോട്ടയം ജില്ലാ പോലീസ് മേധാവി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കോട്ടയം കറുകച്ചാൽ പോലീസ് സ്റ്റേഷനിലെ SCPO K 6592 ശ്രീ.അനിൽ തോമസിന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്ന് ടിയാൻ മെഡിക്കൽ അവധിയിലായിരുന്ന 12/08/2025 തീയതി മുതൽ 08/09/2025 വരെയുള്ള കാലയളവ് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANJU M

ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം

ശ്രീ.അനിൽ തോമസ്, SCPO K 6592 (സംസ്ഥാന പോലീസ് മേധാവി മുഖേന)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sini George
Date: 23-05-2026 08:59:18

സെക്ഷൻ ഓഫീസർ